(സി) പ്രസ്തുത സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം ശരാശരി 60 ലക്ഷം (അറുപത് ലക്ഷം) രൂപ ചെലവഴിക്കുന്നുണ്ട്.

കായംകുളം പദ്ധതിയുടെ വികസനം

*17 [347] ശ്രീ. റോഷി അഗസ്റ്റിൻ:
" തോമസ് ചാഴികാടൻ:
"" കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപവൈദ്യുത നിലയത്തിൽ നാഫ്തയ്ക്ക് പകരം എൽ.എൻ.ജി. ഉപയോഗിച്ച് പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് മുഖേന എന്തു ലാഭം കൈവരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) പദ്ധതിയുടെ വികസനത്തിന് എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) അധികമായി എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ കടവൂർ ശിവദാസൻ):

(എ) ഉണ്ട്.

(ബി) നാഫ്ത ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് ഡിസംബർ 2003-ലെ കണക്കനുസരിച്ച് യൂണിറ്റൊന്നിന് 4 രൂപ 13 പൈസയാണ് ചാർജ്ജ്. എൽ.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന കായംകുളം രണ്ടാംഘട്ട വികസന പദ്ധതിയിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റൊന്നിന് ഉദ്ദേശം 2 രൂപ 72 പൈസയാണ് ചാർജ്ജ് പ്രതീക്ഷിക്കുന്നത്. ഇതു പ്രകാരം കായംകുളം താപ വൈദ്യുത നിലയത്തിൽ എൽ.എൻ.ജി. ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ചാൽ യൂണിറ്റൊന്നിന് ഏകദേശം 1 രൂപ 40 പൈസ ലാഭം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. നാഫ്തയുടേയും എൽ.എൻ.ജി.-യുടേയും വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്കനുസൃതമായി ഇതിൽ വ്യതിയാനം ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏകദേശം 6600 കോടി രൂപയാണ് പദ്ധതി നടപ്പിലാക്കുന്ന എൻ.ടി.പി.സി. വകയിരുത്തിയിട്ടുള്ളത്.

(ഡി) കായംകുളം രണ്ടാംഘട്ട പദ്ധതിക്ക് 1950 മെഗാവാട്ട് ശേഷിയാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇത് നടപ്പിലാകുന്നതുമൂലം പ്ലാന്റ് ലോഡ് ഫാക്ടർ 80% ആയി കണക്കാക്കിയാൽ പ്രതി വർഷം 13665 മില്യൺ യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

*18[348]ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
,, ബിനോയ് വിശ്വം:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പും ഭൂഗർഭ ജല വകുപ്പും ചേർന്ന് നടപ്പാക്കുന്ന നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചതെന്നാണെന്നും ഇത് പൂർത്തിയാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) പൂർത്തിയായിട്ടില്ലെങ്കിൽ ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഇതുവരെ ലോക ബാങ്കിൽ നിന്നും ലഭിച്ച സഹായം എത്രയെന്ന് വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സംസ്ഥാന ഭൂതല ജലവകുപ്പും ഭൂഗർഭജല വകുപ്പും സംയുക്തമായി നടപ്പിലാക്കിയ ഒരു പഠന പദ്ധതിയാണ് ഹൈഡ്രോളജി പ്രോജക്ട്. നിലവിലിരുന്ന ഗേജിംഗ് സംവിധാനങ്ങൾ (റിവർ ഗേജ്/റെയിൻ ഗേജ്) നൂതന ശാസ്ത്രീയ രീതിയിൽ വികസിപ്പിക്കുക, കേരളത്തിലുടനീളം നിരീക്ഷണ കിണറുകൾ നിർമ്മിച്ച് അതിൽ ഓട്ടോമാറ്റിക് വാട്ടർ ലവൽ ഇന്റിക്കേറ്റർ ഘടിപ്പിച്ച് ഭൂജലത്തിന്റെ ജല വിതാനം ഓരോ ആറുമണിക്കൂർ ഇടവിട്ട് കംപ്യൂട്ടർ മുഖേന രേഖപ്പെടുത്തി ഡാറ്റാ സെന്ററിൽ സൂക്ഷിക്കുക, ഒരു ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റം രൂപീകരിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly